LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം

252 (4243) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) റാന്നി നിയമസഭാ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പാക്കുന്നത് ഏതൊക്കെ കോളനികളിലാണ്; എത്ര തുകയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത് ; ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്; എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത്; ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ) ഹാംലെറ്റ് ഡെവലപ്പ്മെന്റ് പദ്ധതി, മോഡൽ കോളനി, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ എന്നീ പദ്ധതികൾ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പാക്കിവരുന്നു.

(ബി) 2013-14 സാമ്പത്തിക വർഷം ഒരു കോടി രൂപ ചെലവഴിച്ച് ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതിക്കായി പത്തനംതിട്ട ജില്ലയിലെ നാറാണാംമൂഴി എന്ന പട്ടികവർഗ്ഗ സങ്കേതം തെരഞ്ഞെടുക്കുകയും ഹൗസിംഗ് ബോർഡ് വഴി ടി പദ്ധതി നടപ്പാക്കിവരികയും ചെയ്യുന്നു. പദ്ധതി നടപ്പാക്കൽ അന്തിമഘട്ടത്തിലാണ്. 2014-15 സാമ്പത്തിക വർഷം കോഴിപ്രം ഗ്രാമപഞ്ചായത്തിലെ തെറ്റ്പാറ കോളനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു കോടി രൂപ ചെലവഴിച്ച് ടി പദ്ധതി നടപ്പാക്കുന്നതിന് എഫ്.ഐ.ടി. ആലുവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പാക്കൽ പ്രാരംഭ ഘട്ടത്തിലാണ്. പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം, ജീവിത നിലവാരം ഉയർത്തി ആരോഗ്യ മേഖല മെച്ചപ്പെടുത്തൽ എന്നിവ ടി പദ്ധതിയിൽപ്പെടുന്നു. റാന്നി നിയോജക മണ്ഡലത്തിൽ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി നടപ്പാക്കിയിട്ടില്ല.

ജനനി ജന്മരക്ഷാ പദ്ധതി

253 (4244) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവകുപ്പുമുഖേന നടപ്പിലാക്കുന്ന ജനനി-ജന്മരക്ഷാപദ്ധതി പ്രകാരം ആനുകൂല്യത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, എത്രപേർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗവകുപ്പുമുഖേന നടപ്പിലാക്കുന്ന ജനനി-ജന്മരക്ഷാപദ്ധതി പ്രകാരം ആനുകൂല്യങ്ങൾ അനുവദിച്ചവർക്ക് മുഴുവൻ തുകയും നൽകിയിട്ടുണ്ടോ ;

(സി) ഈയിനത്തിൽ എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ;

(ഡി) കുടിശ്ശിക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) ജനനി ജന്മരക്ഷാ പദ്ധതിപ്രകാരം ധനസഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	301
കൊല്ലം, ആലപ്പുഴ	90
പത്തനംതിട്ട	76
കോട്ടയം	272
എറണാകുളം	94
ഇടുക്കി	808
തൃശ്ശൂർ	73
പാലക്കാട്	842
മലപ്പുറം	209
കോഴിക്കോട്	187
വയനാട്	3098
കണ്ണൂർ	798
കാസർകോഡ്	1002
ആകെ	7850

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ച അപേക്ഷകളിൽ സൂക്ഷ്മപരിശോധന പൂർത്തിയാക്കി അർഹനെന്ന് കണ്ടെത്തിയ മുഴുവൻപേർക്കും ധനസഹായം അനുവദിച്ച് ഉക ഗഡുക്കളായി നൽകിവരുന്നു. അപേക്ഷ സമർപ്പിച്ചിട്ടുള്ള 7850 പേർക്കും ആദ്യഗഡു അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം ഈ പദ്ധതിയുടെ പര്യാപ്തമാകാത്ത ഉക ധനപുനർ വിനിയോഗംവഴി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി അട്ടപ്പാടിയിൽ നടപ്പാക്കിയ പദ്ധതികൾ

254 (4245) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി അട്ടപ്പാടിയിൽ കഴിഞ്ഞ 10 വർഷക്കാലം നടപ്പാക്കിയ പദ്ധതികളുടെ എണ്ണവും ചെലവാക്കിയ ഉകയും വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും അട്ടപ്പാടിയിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം അനുവദിച്ചു, ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കി; ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം?

ഉത്തരം

(എ) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ 2012-ൽ നിലവിൽ വന്ന മലയോര വികസന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലല്ല.

(ബി) ബാധകമല്ല.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

255 (4246) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly